# വിവരമോഹി

ഒരു ത്രിസന്ധ്യക്ക് പിതാവും ഏഴു പുത്രന്മാരും കുരിശു വരക്കും മുമ്പ് കിഴക്കേ വരാന്തയിൽ, ഉള്ള മസേരകളിലും അരപ്രൈസിലുമായിട്ടിരുന്നു. അവർക്കരുകിൽ മൂന്ന് ലിറ്റർ ജവാനും പോർക്ക് വിന്താലുവും, ബീഫ് ഉലർത്തിയതും അച്ചാറും മിക്സ്ചറും വിലസുന്നു.

തെക്കു വശത്ത്, പര്യമ്പുറത്തും വരാന്തയിലുമായി പിതാവിന്റെയും പുത്രന്മാരുടേതും കൂടി എട്ടു ഭാര്യമാർ ചക്ക വെട്ടി, വൃത്തിയാക്കി, പുഴുക്കുണ്ടാക്കുന്നതിനും വറുക്കുന്നതിനുമായി പണിതു കൊണ്ടിരുന്നു.  അവരോടു ചേർന്നും ഉത്തേജകദ്രാവകവും അനുസാരികളും നിരന്നിരിപ്പുണ്ട്.

ജവാന്റെ കിരികിരിപ്പ് പിതാവിലും പുത്രന്മാരിലും പ്രവർത്തിച്ചു തുടങ്ങിയപ്പോൾ ഏഴാമത്തെ പുത്രൻ പറഞ്ഞു

അപ്പാ ഞാൻ കുറച്ച് ചോദ്യങ്ങൾ ചോദിക്കാൻ പോവുകയാണ്

ഇതെന്ത് കൂത്ത്? ചോദ്യങ്ങളോ?

അതെ ചോദ്യങ്ങൾ..... ഇന്ത്യൻ വിവരാവകാശ നിയമപ്രകാരം അധികാരികളോട് പ്രജകൾക്ക് ചോദ്യങ്ങൾ ചോദിക്കാം...

ങേ! അധികാരികളും പ്രജകളുമോ.. ആരെടാ ഇവരൊക്കെ....

പിതാവ് മറ്റ് പുത്രന്മാരുടെ മുഖത്ത് നോക്കി സംശയം ഉന്നയിച്ചു.

പക്ഷെ, അവർക്കൊന്നും മനസ്സിലായില്ലെന്ന് മുഖം പറഞ്ഞു.

ഒരു പുത്രൻ പറഞ്ഞു.

ഒന്നാന്തരം പന്നിയും ജവാനും ഇരിക്കുന്നിടത്താ അവന്റെ ഒരു ചോദ്യം....

ങാ! നീ ചോദിക്കെടാ...

അപ്പനാവിടെ അധികാരി.... ഞങ്ങൾ പ്രജകളും

അതന്തുമാകട്ടെ നീ ചോദിക്ക്

ചോദ്യം ഒന്ന്

കഴിഞ്ഞ സമ്പത്തിക വർഷം നമുക്ക് എത്ര വരുമാനമുണ്ടായി?

വരുമാനമോ?

ങാ! വരുമാനം അപ്പൻ ഉത്തരം പറയണം. അപ്പനാണ് എല്ലാംറ്റിന്റേയും കയ്യാളായി നിൽക്കുന്നത്.  ഇപ്പോൾ ഹിന്ദുക്കളുടെ  ഇടയിൽപ്പോലുമില്ലാത്ത കൂട്ടുകുടുംബ വ്യവസ്ഥ ഇവിടെ നിലനിൽക്കുന്നതു കൊണ്ടാണ് ഇങ്ങിനെ ഒരു ചോദ്യവും പറച്ചിലും വേണ്ടി വന്നത്.  അപ്പൻ എല്ലാറ്റിനെയും അടക്കി വച്ചിരിക്കുവല്ലെ...

ങേ!

ഉത്തരം പറയണം പിതാവേ...

ഉത്തരം പൂജ്യം

ഒ! പൂജ്യമോ?

അതെ എനിക്കത്രയേ അറിയത്തുള്ളൂ

അടുത്ത ചോദ്യ, അതിൽ തനത് ഫണ്ട് ആയിട്ട് എത്ര ഉപയോഗിച്ചു?

ഉത്തരം പൂജ്യം

ചോദ്യം.

അതിൽ എത്ര ഫണ്ട് പുത്രന്മാർക്ക് കൊടുത്തു, മതാവിനും പുത്ര ഭാര്യമാർക്കുമായിട്ട് വീതിച്ചു നൽകി?

ഉത്തരം പൂജ്യം

എന്താ, അപ്പാ.... പൂജ്യങ്ങൾ മാത്രമെയുള്ളൂ?

പക്ഷെ, വിവരവാകാശനിയമ പ്രാകാരം എല്ലാറ്റിനും ഉത്തരം തരാൻ അപ്പൻ ബാദ്ധ്യസ്ഥനാണ്.

ആണോ?

എന്നാ നിയിതങ്ങ് ഒറ്റ വലിക്ക് ഉള്ളിലാക്ക്.... എല്ലാ വിവരവും നിന്റെ മണ്ടയിൽ തെളിഞ്ഞു വരും.

അപ്പൻ നൽകിയ ജവാൻ അവൻ ഒറ്റ വലിക്ക് ഉള്ളിലാക്കി...

പോർക്ക് വിന്താലുവിൽ ഒരു മുഴുത്ത കഷണമെടുത്ത് ചവച്ചരച്ചു

മറ്റു പുത്രന്മാർ അപ്പൻ പറഞ്ഞത് കേട്ട് സംപൂജ്യരായി

വിവരമോഹിയായ ഏഴാമത്തെ പുത്രൻ ‘അപ്പൻ ഇതിനുഭവിക്കും.... ഇതിനനുഭവിക്കും...’ എന്ന് പറഞ്ഞു കൊണ്ടിരുന്നു.

@